(ബി) ഇപ്രകാരം വേഷം മാറി ഹൈവേ പട്രോളിംഗിന്റെ പ്രവർത്തനത്തേയും കാര്യക്ഷമതയേയും പരിശോധിക്കുവാനുള്ള കാരണം എന്താണ്;

(സി) ഹൈവേ പട്രോളിംഗിലുള്ള ചിലരെങ്കിലും കൈക്കൂലി വാങ്ങുന്ന വരാണെന്ന് ഐ.ജി.-ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൈവേ പട്രോളിംഗിലേയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥൻമാരുടെ അഴിമതി അവസാനിപ്പിക്കാൻ ഫലപ്രദമായ എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 പ്രാവശ്യം

(ബി) ഹൈവേ പോലീസിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയാണ്.

(സി) ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹൈവേ പോലീസിലെയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥരെയും മറ്റും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം മിന്നൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് വ്യാപകമാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

ഹൈവേ പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, മാധ്യമങ്ങളിലൂടെയും, മീഡിയകളിലൂടെയും പൊതുജനങ്ങൾക്ക് അറിവ് കൊടുത്തിട്ടുള്ളതും ഇതു സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെ അറിയിക്കണമെന്ന കാര്യത്തെപ്പറ്റി ബോധവാൻമാരാക്കിയിട്ടുള്ളതുമാണ്.

എസ്.എൻ.സി. ലാവലിനെ സംബന്ധിച്ച് അന്വേഷണം

55 [2541] ശ്രീ. കെ. മോഹനൻകുമാർ:
„ തമ്പാനൂർ രവി:
„ എ. പി. അനിൽകുമാർ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവലിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള വൈദ്യുതി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന്റെ കോൺട്രാക്ട് കൊടുത്തതുമായി ബന്ധപ്പെട്ടുള്ള സംസ്ഥാന പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ ആരുടെയെല്ലാം പങ്കാണ് അന്വേഷണ വിധേയമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിജിലൻസ് അന്വേഷണം നിർത്തി വയ്ക്കാൻ ഗവൺമെന്റ് രേഖാമൂലമോ വാങ്മൂലമോ എന്തെങ്കിലും നിർദ്ദേശം വിജിലൻസ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ;

(ഡി) വിജിലൻസ് അന്വേഷണത്തിന് ഗവൺമെന്റ് നിർദ്ദേശം നൽകിയത് പരാതിയുടെ അടിസ്ഥാനത്തിലാണോ അല്ലയോ എന്ന് വിശദമാക്കുമോ;

(ഇ) ഇക്കാര്യം സംബന്ധിച്ചുള്ള വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ ഇതുവരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ രേഖകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) അന്വേഷണം പുരോഗമിച്ചു വരുന്നു.

(ബി) അന്വേഷണം പുരോഗമിക്കുന്ന ഈ ഘട്ടത്തിൽ കൂടുതൽ വിശദാംശം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) അന്വേഷണം നിർത്തി വയ്ക്കാൻ സർക്കാർ നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ഡി) ജലസേചനവും വൈദ്യുതിയും സംബന്ധിച്ച മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ 11-1-2002-ൽ കൂടിയ യോഗത്തിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്.

(ഇ) അന്വേഷണം പൂർത്തിയാക്കുന്നതിന് മുമ്പ് അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നത് ഉചിതമല്ല.

മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം

56 [2544] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് 11-ന് മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം ബഹു: ഹൈക്കോടതി തടയുവാൻ കാരണമെന്തെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമം വകുപ്പ് 21, ഉപവകുപ്പ് (2) അനുസരിച്ച് 5 അംഗ കമ്മീഷനെയാണ് നിയമിക്കേണ്ടിയിരുന്നത് എന്ന കാരണത്തിലാണ് ബഹു: ഹൈക്കോടതി ഇപ്പോഴുള്ള രണ്ടംഗങ്ങളുള്ള കമ്മീഷനെ പ്രവർത്തനത്തിൽ നിന്ന് 11-3-2004-ൽ തടഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly